## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3855 — 20-07-2015 -ൽ മറുപടിക്ക്

## കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.ചെന്താമരാക്ഷൻ** | | **ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടമുണ്ടായത് എന്ന് വിശദമാക്കുമോ; | എ) | എലവഞ്ചേരി, വണ്ടാഴി, അയിലൂർ, കൊടുവായൂർ, കൊല്ലങ്കോട്, മുതലമട, പുതുനഗരം, തിരുവാഴിയാട്, വടവന്നൂർ എന്നീ പ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. |
| ബി) | നാശനഷ്ടമുണ്ടായവർക്കുള്ള നഷ്ട പരിഹാര തുക സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരി ച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാശ നഷ്ടങ്ങളുടെ വിശദവിവരങ്ങൾ താലൂക്ക് ഓഫീസുകൾ വഴിയും, പ്രിൻസിപ്പൽ കൃഷി ആഫീസർ മുഖാന്തിരവും ശേഖരിച്ചുവരുന്നു. |
| സി) | എത്ര രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; ഈ തുക എന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദ മാക്കുമോ? | സി) | കൃഷി നശിച്ച വകയിൽ 44,82,960/- രൂപയുടേയും വീടുകൾ ഭാഗികമായി തകർന്ന വകയിൽ 3,88,490/- രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള പരിശോധന പൂർത്തിയാക്കി അർഹരായവർക്ക് ആശ്വാസ ധനസഹായം ഉടനടി വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ